# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 517 — 06.02.2013 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് നികുതി

### ചോദ്യം

ശ്രീ. കെ.വി. വിജയദാസ്

സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് നികുതി ഏർപ്പെടുത്തുകവഴി സഹകരണ ബാങ്കുകൾ പ്രതിസന്ധിയിലാകുന്നത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### മറുപടി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

കേരളത്തിലെ സഹകരണ ബാങ്കുകളിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എന്നിവ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളാണ്. എന്നാൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്കും ഇപ്പോൾ ബാങ്കിംഗ് റഗുലേഷൻ ആക്ട് ബാധകമല്ല. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ നിക്ഷേപകരിൽ നിന്നും പ്രത്യേക പരിധി വരെയുള്ള പലിശ വരുമാനത്തിന് ആദായ നികുതി ഈടാക്കുന്നുണ്ട്.

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 പ്രകാരം പ്രാഥമിക വായ്പ സഹകരണ സംഘങ്ങളെ നിക്ഷേപകരുടെ നിക്ഷേപ പലിശയിൽ നിന്നും ആദായ നികുതി ഈടാക്കുന്നതിൽ നിന്നും (Tax deduction at Source) ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിക്ഷേപകരിൽ നിന്നും ആദായ നികുതി ഈടാക്കി നൽകാത്തത് സംബന്ധിച്ച് ആദായ നികുതി വകുപ്പ് ഇൻകംടാക്സ് ആക്ട് പ്രകാരം നോട്ടീസ് നൽകിയിരുന്നു. ഇപ്രകാരം ആദായ നികുതി വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന നടപടികൾക്കെതിരെ കേരള ഹൈക്കോടതിയിൽ

റിട്ട് പെറ്റീഷൻ ഫയൽ ചെയ്യാൻ കഴിയുമോ എന്ന സാദ്ധ്യത ആരാഞ്ഞുകൊണ്ട് സർക്കാർ അഡ്വക്കേറ്റ് ജനറലിന് 27.01.2010 ൽ കത്ത് നൽകിയിരുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതി 8358/2010 നമ്പർ റിട്ട് പെറ്റീഷനും സമാനമായ റിട്ട് പെറ്റീഷനുകളും തീർപ്പാക്കി പുറപ്പെടുവിച്ച വിധിന്യായത്തിൽ, ആദായ നികുതി നിയമത്തിലെ വകുപ്പ് 194 പ്രകാരം പ്രാഥമിക വായ്പ സഹകരണ സംഘങ്ങളെ നിക്ഷേപകരുടെ നിക്ഷേപ പലിശയിൽ നിന്നും ആദായനികുതി ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ടെന്നും ആകയാൽ ആദായ നികുതി വകുപ്പിൽ നിന്നും പ്രീ അസെസ്സ്മെന്റ് നോട്ടീസ് ലഭിച്ച ഓരോ സഹകരണ സംഘങ്ങളും തങ്ങൾക്ക് ഇളവിന് അർഹതയുണ്ടെന്ന് വിശദീകരിച്ച് ആദായ നികുതി വകുപ്പ് അധികാരികൾ മുമ്പാകെ അപേക്ഷ നൽകാനും നിർദ്ദേശിച്ചിരുന്നു. ആകയാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽ പരാമർശിച്ച വിധിന്യായ പ്രകാരം ഇക്കാര്യത്തിൽ സർക്കാറിന്റെ ഭാഗത്തു നിന്നും സഹകരണ സംഘങ്ങൾക്ക് വേണ്ടി പ്രത്യേക റിട്ട് പെറ്റീഷൻ ഫയൽ ചെയ്യേണ്ടതില്ലെന്ന നിയമോപദേശം അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1961 ലെ ആദായ നികുതി നിയമത്തിലെ വ്യവസ്ഥകൾ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും, സ്ഥാപനങ്ങൾക്കും ബാധകമായതിനാൽ ഇക്കാര്യത്തിൽ പ്രത്യേക നടപടികൾ ആവശ്യമില്ല.

സെക്ഷൻ ഓഫീസർ